പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5461 — 06.07.2012-ൽ മറുപടിക്ക്

## ചമ്പക്കുളം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തോമസ് ചാണ്ടി : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) എൻ.ആർ.എച്ച്.എം-ന്റെ കീഴിൽ കുട്ടനാട്ടിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ആരോഗ്യമേഖലയിൽ നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ ; | (എ) പുളിങ്കുന്ന് താലൂക്ക് ആശുപത്രിയിൽ 2,07,55,274/- രൂപ ചെലവഴിച്ച് സ്ത്രീകൾക്കും കുട്ടികൾക്കുമായി ഓപ്പറേഷൻ തീയേറ്റർ, ലേബർ റൂം, എന്നിവ ഉൾപ്പെടെ നിർമ്മാണം പൂർത്തീകരിച്ചു. 2011 ഫെബ്രുവരിയിൽ പ്രവർത്തനം ആരംഭിച്ചു. എടത്വാ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 21,00,000/-രൂപ അടങ്കലിൽ ഒരു ഐ.പി. വാർഡും ലാബും പുതിയതായി പണികഴിപ്പിച്ചു. ചമ്പക്കുളം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, കപ്പപ്പുറം പ്രാഥമികാരോഗ്യ കേന്ദ്രം എന്നിവ കേന്ദ്രീകരിച്ച് രണ്ട് ഫ്ലോട്ടിംഗ് ഡിസ്പെൻസറികൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. |
| (ബി) ക്യാൻസൽ ചെയ്ത ചമ്പക്കുളം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കെട്ടിട നിർമ്മാണത്തിന്റെ പ്രൊപ്പോസൽ വീണ്ടും പരിഗണിക്കുമോ ;<br>(സി) പ്രസ്തുത കെട്ടിടത്തിന്റെ അടിയന്തിര ആവശ്യം കണക്കിലെടുത്ത് വീണ്ടും നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ ? | (ബി) & (സി) :<br>ചമ്പക്കുളം സി.എച്ച്.സി കെട്ടിട നിർമ്മാണ പദ്ധതിക്കുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് അംഗീകാരത്തിനായി കേന്ദ്രഗവൺമെന്റിന് സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ